# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 436

10.06.2014 ൽ മറുപടിയ്ക്ക്

## ആശ്വാസ് 2012 പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ മേഖലയിൽ ആശ്വാസ് 2012 പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്<br>2012 ജൂലൈ ഒന്ന് മുതൽ ആഗസ്റ്റ് 31 വരെയുള്ള 62 ദിവസ കാലയളവിലായി "ആശ്വാസ് 2012" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) സഹകരണ വായ്പാ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതോടൊപ്പം സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുകയുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. |
| (സി) | പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയത്; വിശദമാക്കുമോ; | (സി) 1. സഹകരണ വായ്പാ സംഘങ്ങളിൽ നിന്നും 10 ലക്ഷം രൂപവരെ വായ്പയെടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വായ്പകളിൽ വായ്പ എടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും മുതലും ഈടാക്കി വായ്പാ കണക്കുകൾ അവസാനിപ്പിക്കുന്നതിന് അവസരം നൽകി. |

2. 10 ലക്ഷം രൂപക്ക് മുകളിൽ വായ്പയെടുത്തവർക്ക് വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശതുകയും ടി പലിശ തുകയുടെ 5% ൽ അധികരിക്കാതെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും മുതലിനോടൊപ്പം ഈടാക്കി പിഴപ്പലിശയും മറ്റിനം ചെലവുകളും പൂർണ്ണമായും ഒഴിവാക്കി വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് അവസരം നൽകി.

3. കുടിശ്ശികയായ എല്ലാ വായ്പകളിലും, പിഴ പലിശ, നോട്ടീസ് ചാർജ്ജ് മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി നൽകി.

4. 10 ലക്ഷം രൂപവരെയുള്ള കുടിശ്ശികയായ വായ്പകളുടെ പലിശ മുതലിനേക്കാൾ അധികരിക്കരുതെന്ന് വ്യവസ്ഥ ചെയ്ത് നടപ്പിലാക്കി.

5. മരണപ്പെട്ട വായ്പക്കാരുടെ തുകകൾ, മാരക രോഗം ബാധിച്ചവർ, മാരക രോഗം ബാധിച്ചവരുള്ള കുടുംബാംഗങ്ങൾ, വിധവകൾ, മാനസിക രോഗികൾ കുടുംബാംഗ-ങ്ങളായിട്ടുള്ളവരും അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുകയും ചെയ്യുന്നവർ എന്നിവരുടെ വായ്പകൾ പരമാവധി ഇളവുകൾ അനുവദിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചു.

മേൽ പറഞ്ഞ ഇളവുകൾ അനുവദിച്ച് നൽകിയതിലൂടെ കുടിശ്ശികയായ കാർഷിക വായ്പകളിൽ 7.39 കോടി രൂപയും കാർഷികേതര വായ്പയിലൂടെ 46.09 കോടി രൂപയും അടക്കം 53.48 കോടി രൂപ (അമ്പത്തിമൂന്ന് കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപ) യുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പിലാക്കിയത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) പ്രാഥമിക കാർഷിക/കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക

വികസന ബാങ്കുകൾ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ തുടങ്ങിയ എല്ലാ സഹകരണ സംഘങ്ങളും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ